LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട നമമാത്ര കർഷക പെൻഷൻ

157 (1526) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ചെറുകിട നാമമാത്ര കർഷകർക്ക് നൽകിവരുന്ന പെൻഷന്റെ വിതരണത്തിൽ കുടിശ്ശികയുണ്ടോ ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(സി) നിലവിൽ എന്തു നിരക്കിലാണ് ഈ പെൻഷൻ നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2015-16 ബഡ്ജറ്റ് വിഹിതമായ 103.2 കോടി രൂപ 330599 കർഷകർക്ക് ഒക്ടോബർ മാസം 2014 വരെ പെൻഷൻ നൽകാനായി വിതരണം ചെയ്തു. നവംബർ മാസം 2014 മുതൽ പെൻഷൻ കുടിശ്ശികയുണ്ട്. 347.80 കോടി രൂപ കൂടി അധികമായി ലഭിച്ചാൽ മാത്രമേ മാർച്ച് 2016 വരെ പെൻഷൻ കുടിശ്ശിക ഇല്ലാതെ നൽകുവാൻ സാധിക്കുകയുള്ളൂ.

(സി) ഏപ്രിൽ മാസം 2014 മുതൽ പ്രതിമാസം 600 രൂപ നിരക്കിലാണ് കർഷകർക്ക് പെൻഷൻ അനുവദിച്ചിട്ടുള്ളത്.

നാളികേര ഉൽപാദനം

158 (1527) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ശശി :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നാളികേര വികസന ബോർഡ് 2014-15-ൽ നടത്തിയ സർവ്വേയിൽ സംസ്ഥാനത്ത് നാളികേര ഉൽപാദനം കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ മുൻകാലങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണ് ഉണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് നാളികേര ഉൽപാദനക്ഷമത ഒരു ഹെക്ടറിന് എത്രയാണ് ;

(സി) തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കേര കർഷകരെ സംരക്ഷിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

നാളികേര വികസന ബോർഡിന്റെ റിപ്പോർട്ട് പ്രകാരം 17.48 ശതമാനം കുറവാണ് ഉണ്ടായിരുന്നത്.

(ബി) 2013-14-ലെ കണക്കുപ്രകാരം നാളികേരത്തിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 7322 എണ്ണമാണ്. 2014-15-ലെ കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) ഉണ്ട്.

1. ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസനത്തിനായി കേരഗ്രാമം എന്ന പദ്ധതി 2014-15 വർഷം കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ നടപ്പിലാക്കിയിരുന്നു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയത്. അതേ പഞ്ചായത്തുകളിൽ 2015-16 വർഷവും പദ്ധതി തുടർന്ന് 2-ാം വർഷവും നടപ്പിലാക്കുന്നു.

സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസവളങ്ങൾ, ജീവാണു വളം, സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നല്കുക, ഇടവിള കൃഷി, രോഗബാധിതമായി ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവകൾക്കായി ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ ഒരു യൂണിറ്റിന് 125 ലക്ഷം രൂപ ധനസഹായം നൽകുന്നതാണ്. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2000 രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 100 എണ്ണംവരെ എന്ന ക്രമത്തിൽ 2 ലക്ഷം രൂപവരെ അനുവദിക്കുന്നതാണ്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിൽ 20 ഹെക്ടറിലേക്കായി 5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. ഒരു കേരഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി

LIBRARY ARCHIVES Kerala Legislative Assembly